# ഓഗസ്റ്റ് - 2020

## മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹ പൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി പരി ശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

## 1. ആഗസ്റ്റ് 4 - വിയാനി ഡേ

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസമായ ആഗസ്റ്റ് 4-ാം തീയ്യതി വിശ്വാസപരി ശീലകരും കുട്ടികളും ബഹു. വികാരിയച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ആശം സകൾ നേരുകയും ചെയ്യണം. ഇപ്പോഴത്തെ സാഹചര്യത്തിൽ നേരിട്ട് ആശം സകൾ നേരുവാൻ സാധ്യമല്ലാത്തതിനാൽ വിശ്വാസപരിശീലകരുടെയും കുട്ടി കളുടെയും വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി ആശംസകൾ നേരുവാൻ ശ്രദ്ധി ക്കുമല്ലോ.. അന്നേ ദിവസം തന്നെയാണ് രൂപതയുടെ പ്രഥമ മെത്രാനായി രുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ജന്മദിനവും

## 2. രക്ഷയുടെ പാതയിൽ - വിശ്വാസപരിശീലന ക്ലാസ്സുകൾ

അതിരൂപത വിശ്വാസപരിശീലന കേന്ദ്രവും ശാലോം ടെലിവിഷനും സംയുക്തമായി തയ്യാറാക്കിയ വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേ ഷണം ജൂലൈ 13 തിങ്കളാഴ്ച മുതൽ ആരംഭിച്ചു. തിങ്കൾ മുതൽ ശനിവരെ യുള്ള ദിവസങ്ങളിൽ ആയിരിക്കും ക്ലാസ്സുകളുടെ സംപ്രേഷണം. ശാലോം ടിവിയിലും ശാലോമിന്റെ Youtube ചാനലിലും (Shalomtelevision) ഫെയ്സ്ബുക്ക് പേജിലും (Shalomtelevision) ക്ലാസ്സുകളുടെ സംപ്രേഷണം ഉണ്ടായിരിക്കും. കൂടാതെ സംപ്രേഷണം കഴിഞ്ഞുവരുന്ന ഞായറാഴ്ച എല്ലാ ക്ലാസ്സുകളുടെയും ലിങ്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനലിൽ നൽകുന്നതാണ്. വിശ്വാസപരിശീലകരും കുട്ടികളും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനൽ (Catechesis Thalassery) Subscribe ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം

ശാലോം ടിവിയിൽ തിങ്കൾ മുതൽ ശനിവരെ സംപ്രേഷണം ചെയ്യുന്ന വിശ്വാസപരിശീലന ക്ലാസ്സുകളുടെ സംപ്രേഷണ സമയം താഴെ കൊടുക്കു ന്നു.

| ദിവസം | ക്ലാസ്സ് | സമയം |
|---|---|---|
| തിങ്കൾ - | ക്ലാസ്സ് I | : 11.30 - 11.45 |
| | ക്ലാസ്സ് II | : 11.45 - 12.00 |
| | ക്ലാസ്സ് V | : 3.30 - 4.00 |
| ചൊവ്വ - | ക്ലാസ്സ് III | : 11.30 - 12.00 |
| | ക്ലാസ്സ് VI | : 3.30 - 4.00 |
| ബുധൻ - | ക്ലാസ്സ് IV | : 11.30 - 12.00 |
| | ക്ലാസ്സ് X | : 3.30 - 4.00 |
| വ്യാഴം - | ക്ലാസ്സ് VII | : 11.30 - 12.00 |
| | ക്ലാസ്സ് XI | : 3.30 - 4.00 |
| വെള്ളി - | ക്ലാസ്സ് VIII | : 11.30 - 12.00 |
| | ക്ലാസ്സ് XII | : 3.30 - 4.00 |
| ശനി - | ക്ലാസ്സ് IX | : 11.30 - 12.00 |

## 3. ജൂലൈ-ആഗസ്റ്റ് മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

19/07/2020 ഞായർ - അദ്ധ്യായം 1

26/07/2020 ഞായർ - അദ്ധ്യായം 2

02/08/2020 ഞായർ - അദ്ധ്യായം 3

09/08/2020 ഞായർ - അദ്ധ്യായം 4 പാർട്ട് 1

16/08/2020 ഞായർ - അദ്ധ്യായം 4 പാർട്ട് 2

23/08/2020 ഞായർ - അദ്ധ്യായം 5 പാർട്ട് 1

30/08/2020 ഞായർ - അദ്ധ്യായം 5 പാർട്ട് 2

## 4. നവോദയ-സ്പോർട്സ് സ്കൂൾ ഡിപ്ലോമ പരീക്ഷ

നവോദയ-സ്പോർട്സ് സ്കൂളിൽ കഴിഞ്ഞ അദ്ധ്യായന വർഷം 12-ാം ക്ലാസ്സിൽ പഠിച്ച കുട്ടികൾക്കുള്ള ഡിപ്ലോമ പരീക്ഷയും വിശ്വാസപരിശീലന കേന്ദ്രം 2019-2020 വർഷം നടത്തിയ ഡിപ്ലോമ പരീക്ഷയിൽ തോറ്റ കുട്ടി കൾക്കുള്ള സേ പരീക്ഷയും ആഗസ്റ്റ് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടിയുടെ പേര്, വീട്ടു പേര്, മാമ്മോദീസ പേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാ ക്കളുടെ മാമ്മോദീസ പേര് എന്നിവ ബഹു. വികാരിയച്ചന്റെ കത്തു സഹിതം ഓഫീസിലേക്ക് അയക്കേണ്ടതാണ്.

b. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷ പേപ്പറിനൊപ്പം അസൈൻമെന്റ് സമർപ്പിക്കണം.

c. നവോദയ-സ്പോർട്സ് സ്കൂൾ കുട്ടികൾക്കായി കഴിഞ്ഞ വർഷം നടത്തിയ അവധിക്കാല വേദപാഠ ക്ലാസ്സിൽ 11-ാം ക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾക്ക് മാത്രമായിരിക്കും പരീക്ഷ എഴുതാൻ അവസരമുള്ളത്.

d. ഡിപ്ലോമ പരീക്ഷയിൽ തോറ്റ കുട്ടികൾ സേ പരീക്ഷ എഴുതുന്നുണ്ടെങ്കിൽ അവരുടെ പേരും വീട്ടുപേരും മാത്രം ഓഫീസിലേക്ക് നൽകിയാൽ മതി.

e. പാഠപുസ്തകത്തിൽ നിന്നും ഉപപാഠപുസ്തകത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

f. നവോദയ-സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ 100 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

g. പരീക്ഷ പേപ്പറുകൾ ആഗസ്റ്റ് 10 തിങ്കളാഴ്ച തന്നെ registered post ആയി ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 5. ആമുഖ സെമിനാർ.... നന്ദി

ജൂലൈ 11 മുതൽ 14 വരെയുള്ള തീയതികളിലായി നടന്ന 72-ാമത് ആമുഖ സെമിനാറിൽ മുന്നൂറ്റി അമ്പതോളം വിശ്വാസപരിശീലകർ പങ്കെടുത്തു. Zoom Application വഴിയാണ് ക്ലാസ്സുകൾ നടത്തിയത്. മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി, റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട്, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ജോർജ് കരോട്ട്, റവ. ഫാ. അബ്രാഹം പുതുശ്ശേരി, റവ. ഫാ. നോബിൾ പാറയ്ക്കൽ, ഡോ. സി. ബിൻസി SH, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. മാനുവൽ പരത്തനാൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റിസോഴ്സ് ടീം അംഗങ്ങൾക്കും ക്ലാസ്സുകളിൽ പങ്കെടുത്ത വിശ്വാസപരിശീലകർക്കും ഹൃദ്യമായ നന്ദി.

## 6. വിശ്വാസപരിശീലകർക്കുള്ള സെമിനാർ

വിശ്വാസപരിശീലകർക്കായുള്ള സെമിനാർ ആഗസ്റ്റ് മാസത്തിൽ ഉണ്ടായിരിക്കുന്നതാണ്. Zoom Application വഴിയായിരിക്കും ക്ലാസ്സുകൾ നടത്തുക. ബഹു. വിശ്വാസപരിശീലകർ Zoom App ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കേണ്ടവിധം പരിചയിക്കുമല്ലോ. സെമിനാർ നടത്തുന്ന തീയ്യതി പിന്നീട് അറിയിക്കുന്നതാണ്.

## 7. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം

കൊടുക്കുന്നത്. അതിരൂപത വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ  അവരുടെ പേര്, അഡ്രസ്സ് എന്നിവ അയച്ചുതരേണ്ടതാണ്.

**18. ദിയാക്കോണിയ**

ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടവ:

1) **പയറും പഴവും:** ആഗസ്റ്റ് മാസത്തിൽ കുട്ടികൾ സ്വന്തം ഭവനത്തിലെ കൃഷിയിടത്തിൽ 3 ഇനം പഴവർഗ്ഗങ്ങളും 3 ഇനം പച്ചക്കറികളും കൃഷി ചെയ്യുന്നു.
2) **ഗ്രീൻ ഫെസ്റ്റ്:** ആഴ്ചചന്ത - കുട്ടികൾ കൃഷിചെയ്തവ വിൽപനയ്ക്ക് വയ്ക്കുന്നു. വിൽക്കുന്നു.
3) **കിങ്ങിണിക്കൂട്ടം:** കോഴി, താറാവ്, ആട്, മുയൽ വളർത്തലിനെക്കുറിച്ച് പഠിക്കുന്നു; വളർത്തുന്നു. നിർദ്ദേശങ്ങൾ നൽകുന്നു.
4) **മണ്ണിര കമ്പോസ്റ്റ് നിർമ്മാണം:** പഠിക്കുന്നു; തയ്യാറാക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958